**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.633 28.09.2011 ൽ മറുപടിക്ക്.**

**<u>ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ബി. സത്യൻ** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| **എ)**<br>താലുക്ക് ആശുപത്രിയിയായി ഉയർത്തിയ ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും തടസ്സമുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | **എ)**<br>ശ്രദ്ധയിൽപെട്ടിട്ടില്ല. അവിടെ സിവിൽ സർജൻ - 1, അസിസ്റ്റന്റ് സർജൻ - 3, ഡന്റൽ സർജൻ - 1, ജൂനിയർ കൺസൾട്ടന്റ് - 4, എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജിസ്റ്റ്) പ്രസവാവധിയിൽ ആണ്. |
| **ബി)**<br>പ്രസ്തുത ആശുപത്രിയിൽ, ദേശീയപാതയിൽ ഉണ്ടാകുന്ന അപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സ നൽകാനുള്ള ട്രോമാകെയർ സംവിധാനം കേന്ദ്രഫണ്ട് പ്രയോജന പ്പെടുത്തി ആരംഭിക്കുവാൻ എന്തെങ്കിലും തടസ്സമുണ്ടോ; | **ബി)**<br>തടസ്സമില്ല. ഇക്കാര്യത്തിനു വേണ്ടി കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ട്രോമകെയർ സംവിധാനം ഈ ആശുപത്രിയിലും ആരംഭിക്കുന്നതിന് തടസ്സമില്ല. |
| **സി)**<br>പ്രസ്തുത ഫണ്ട് പ്രയോജന പ്പെടുത്തിയിട്ടുള്ള മറ്റു ആശുപത്രികളുടെ പേരുകൾ വ്യക്തമാക്കുമോ? | **സി)**<br>1. താലൂക്കാശുപത്രി, നെയ്യാറ്റിൻകര<br>2. ജില്ലാ ആശുപത്രി, എറണാകുളം<br>3. ജില്ലാ ആശുപത്രി, പാലക്കാട്<br>4. ജില്ലാ ആശുപത്രി, വയനാട് |

**സെക്ഷൻ ഓഫീസർ**